"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - വിധവ പുനർവിവാഹ ധനസഹായ പദ്ധതി (മംഗല്യ) -കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.430/2024/WCDD തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം.472/2008/സാക്ഷേവ തീയതി 12.11.2008.
2. സ.ഉ. (സാധാ) നം.44/2020/സാ.നീ.വ തീയതി, 21/01/2020.
3. വനിതശിശു വികസന ഡയറക്ടറുടെ 18.10.2024-ലെ ഡി.ഡബ്ല്യുസി.ഡി-315/2023-ഡബ്ല്യു.ഇ.സി-2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിധവ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരാമർശം(1) പ്രകാരം നടപ്പിലാക്കിയിട്ടുള്ള "മംഗല്യ" പദ്ധതി മുഖേന ധനസഹായം അനുവദിക്കുന്നതിനായുള്ള അപേക്ഷ, അറിവില്ലായ്മ കാരണം നിശ്ചിതസമയപരിധിക്കകം സമർപ്പിക്കാൻ കഴിയാതെ പോയ ശ്രീമതി.ശരണ്യ എം.ബിക്ക്(മുല്ലപ്പറമ്പിൽ വീട്, അന്നനാട്, തൃശ്ശൂർ) അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം പരിഗണിക്കാതെ 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) 2235-02-103-68-03-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് വനിത ശിശുവികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ശരണ്യ എം.ബിക്ക് (മുല്ലപ്പറമ്പിൽ വീട്, അന്നനാട്, തൃശ്ശൂർ) "മംഗല്യ, പദ്ധതി ധനസഹായം" ലഭിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിച്ചതിലുള്ള കാലതാമസം

പരിഗണിക്കാതെ ഇതിലേക്കാവശ്യമായി വരുന്ന 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) 2235-02-103-68-03-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
അപേക്ഷകക്ക് (വനിത ശിശു വികസന വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&. എസ്.എസ്. എ./എ&ഇ),
കേരളം,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
(പ്രസിദ്ധീകരണത്തിന്.)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
Date: 16-11-2024 15:18:48

സെക്ഷൻ ഓഫീസർ